**II ഇ.ബി. XII കേരള നിയമസഭ/XV-23**

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2010 ജൂലൈ 29, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

79 (*661) **കേന്ദ്ര ഏജൻസികളുമായുള്ള വാണിജ്യ വ്യവസായ ബന്ധങ്ങൾ**

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാര മേറ്റശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപന ങ്ങളുടെ പുനരുദ്ധാരണ/നവീകരണ/വിപുലീകരണത്തിനും അവയുടെ സുസ്ഥിര ഭാവി ഉറപ്പുവരുത്തുന്നതിനുമായി അവയുടെതന്നെ പ്രവർത്തന മേഖലയിൽ കഴിവ് തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംയുക്ത സംരംഭങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സർക്കാർ വായ്പകൾ പലിശ രഹിത വായ്പകളാക്കി മാറ്റുന്നതിനും വൈദ്യുതി ചാർജ്ജുകൾ, മറ്റ് സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ മുതലായവ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ടെൽക്ക്-എൻ.ടി.പി.സി. സംയുക്ത സംരംഭത്തിൽ

31.34 കോടി രൂപയുടേയും കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിന് കൈമാറിയതുവഴി ഡി.ആർ.ഡി.ഒ 50 കോടി രൂപയുടേയും ഐ.എസ്.ആർ.ഒ 15 കോടി രൂപയുടേയും നിക്ഷേപം നടത്തിയിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡുമായുള്ള സംയുക്ത സംരംഭത്തിൽ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് വർക്കിംഗ് ക്യാപിറ്റൽ അഡ്വാൻസായി 5 കോടി രൂപ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് നൽകിയിട്ടുണ്ട്. സംസ്ഥാന പൊതു മേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നുണ്ടെന്നും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവയുടെ യൂണിറ്റുകൾ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾ യഥാക്രമം 60 കോടി രൂപ, 11 കോടി രൂപ, 260 കോടി രൂപ എന്ന നിലയിലും കെ.എസ്.ഐ.ഡി.സി.യും ഗെയിലുമായുള്ള ഗ്യാസ് പൈപ്പ് ലൈൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ 6000 കോടി രൂപയുടേയും കെ.എസ്.ഐ.ഡി.സി.യും ഫാക്ടും ചേർന്ന് കൊച്ചി യിൽ സ്ഥാപിക്കുന്ന ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ പദ്ധതിയിലൂടെ

400 കോടി രൂപയുടേയും കെ.എസ്.ഐ.ഡി.സി.-യും നാളികേരവികസന ബോർഡും ചേർന്ന് കുറ്റ്യാടിയിൽ സ്ഥാപിക്കുന്ന കോക്കനട്ട് പാർക്ക് പദ്ധതി യിലൂടെ 41 കോടി രൂപയുടേയും നിക്ഷേപം പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെല്ലിന്റെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിന് എം.ഒ.യു.വിൽ ഏർപ്പെട്ടിട്ടുണ്ടെന്നും കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഈ പദ്ധതികളെല്ലാം പൂർത്തിയായാൽ മാത്രമേ ഇവ മൂലമുണ്ടാകുന്ന നിക്ഷേപത്തെക്കുറിച്ച് വ്യക്തത കൈവരികയുള്ളൂവെന്നും മന്ത്രി അറിയിച്ചു. കാസർഗോഡ് ജില്ലയിൽ കെൽ-ഭെൽ സംയുക്ത സംരംഭം 2010 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 23-06-2009-ന് അങ്കമാലിയിലെ ടെൽക്ക്-എൻ.ടി.പി.സി. സംയുക്ത സംരംഭത്തിന്റെ പ്രവർത്തനോദ്ഘാടനം നടന്നുവെന്നും ടെൽക്കിൽ 188 കോടി രൂപയുടെ വികസന/ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടു ന്നതെന്നും കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിന് കൈമാറിയതിലൂടെ കമ്പനിയുടെ ടേൺ ഓവർ 60 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നും അതിന്റെ വിപുലീകരണത്തിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനായി എയർപോർട്ട് അതോറിറ്റിയുമായി ധാരണയിലെത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കെൽ, സിൽക്ക് തുടങ്ങിയ കമ്പനികൾക്ക് കെ.എസ്.ഇ.ബി.യുടെ ഓർഡറുകൾ ഉറപ്പാക്കുന്നതിനും ജലസേചന വകുപ്പിൽനിന്നും സിൽക്കിന്റെ ഒറ്റപ്പാലം യൂണിറ്റിനും ആരോഗ്യ

വകുപ്പിൽനിന്നും കെ.എസ്.ഡി.പി.ക്കും വി.എസ്.എസ്.സി.-യിൽനിന്നും എസ്.ഐ.എഫ്.എൽ, കെൽട്രോൺ എന്നീ കമ്പനികൾക്കും കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്ന് കെൽട്രോൺ, എസ്.ഐ.എഫ്.എൽ, ഓട്ടോകാസ്റ്റ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓർഡറുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുകയും സിഡ്കോ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളും കെൽട്രോണിന്റെ കംപ്യൂട്ടർ ഉപകരണങ്ങളും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് മറ്റുള്ള സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 170 കോടി രൂപയുടെ മൂലധന നിക്ഷേപമുള്ള 10 പുതിയ പൊതുമേഖലാ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

80 (*662) <u>വിവാഹ ധൂർത്തും ആഡംബരങ്ങളും ഒഴിവാക്കാൻ നടപടി</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, കേരള വനിതാ കമ്മീഷന്റെയും യുവജനക്ഷേമ ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ 'സ്ത്രീധന വിമുക്ത കേരളം,. ആർഭാട രഹിത വിവാഹം' എന്ന മുദ്രാവാക്യം ഉയർത്തി സ്ത്രീധനത്തിനും ആർഭാട വിവാഹത്തിനുമെതിരായി 2010-11 പ്രചരണ വർഷമായി ആചരിക്കുന്നതിന് തീരുമാനിക്കുകയും പ്രചരണ പരിപാടികൾ, സെമിനാറുകൾ എന്നിവയും ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണവും നടത്തുന്നുണ്ടെന്നും ഇതിനായി 2010-11 വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവാഹ

ധൂർത്തും അനാവശ്യ ആഡംബര ആചാരങ്ങളും അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി മതസംഘടനകൾ, അംഗീകൃത രാഷ്ട്രീയ പാർട്ടികൾ, യുവജന/വനിതാ സംഘടനകൾ എന്നിവയുടെ പ്രതിനിധികളുമായുള്ള ചർച്ചയ്ക്ക് മുന്നോടിയായി 17..11..2009-ന് അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, കേരള മഹിളാ സംഘം, കേരള മഹിളാ കോൺഗ്രസ്, ഡമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ, മുസ്ലീം യൂത്ത് ലീഗ്, റവല്യൂഷനറി യൂത്ത് ഫ്രണ്ട്, കേരള യൂത്ത് ഫ്രണ്ട്, കേരള സ്ത്രീ വേദി, സഖി എന്നീ യുവജന/വനിതാ സംഘടനകളുടേയും കേരള വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കുടുംബശ്രീ, പോലീസ് വകുപ്പിലെ വിമൻസ് സെൽ, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടേയും പ്രതിനിധികളെ പങ്കെടുപ്പിച്ച് സെമിനാർ നടത്തുകയുണ്ടായിയെന്നും ജനങ്ങളിൽ വിവാഹ ധൂർത്തും അനാവശ്യ ആഡംബര ആചാരങ്ങളും അവസാനിപ്പിക്കുന്നതിനാവശ്യമായ ബോധവത്ക്കരണം ഉണ്ടാക്കുന്നതിന് അനുഗുണമായ ചർച്ചയാണ് എല്ലാ വിഭാഗങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

81 (*663) **കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ**

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവയിൽ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സാങ്കേതികവിദ്യ

മെച്ചപ്പെടുത്തുന്നതിന് 24.03 കോടി രൂപ ചെലവഴിച്ച് മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഊർജ്ജ ഉപഭോഗത്തിലും ഭരണ ചെലവുകളിലും കുറവുവരുത്താൻ നടപടികളെടുത്തിട്ടുണ്ടെന്നും ഉയർന്ന നിലവാരമുള്ള പഞ്ഞി ന്യായമായ വിലയ്ക്ക് ലഭ്യമാക്കാൻ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് പദ്ധതി നടപ്പിലാക്കിയതിനെത്തുടർന്ന് നല്ല പ്രവർത്തനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെയും സ്പിന്റിൽ കപ്പാസിറ്റി വികസനം നടപ്പാക്കിയിട്ടുണ്ടെന്നും മാനവശേഷി വികസിപ്പിക്കാനും എല്ലാ തരത്തിലുമുള്ള തൊഴിലാളികൾക്കും പരിശീലനം നൽകാനും നടപടി കളെടുത്തിട്ടുണ്ടെന്നും ടിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ നൂൽ ഉൽപ്പാദനം ഇരട്ടിയാക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും 2009 ആഗസ്റ്റ് മുതൽ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണെന്നും ഇതിനോടകം 98 ശതമാനം ഉൽപ്പാദനം കൈവരിച്ചുകഴിഞ്ഞുവെന്നും മാർക്കറ്റ് ഇന്റലിജൻസ് കമ്മിറ്റി രൂപീകരിച്ച് മാർക്കറ്റ് റിസർച്ച് നടത്തുകയുണ്ടാ യിയെന്നും ഉന്നതതലത്തിൽ അവലോകനങ്ങൾ നടത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. മലബാർ സ്പിന്നിംഗ് മില്ലിൽ ഒന്നാം ഘട്ടമായി 2003-2006 കാലഘട്ടത്തിലെ ഉപയോഗശൂന്യമായിരുന്ന പഴയ 6160 സ്പിന്റിൽ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഡിഡംബർ 2006-ൽ തുറന്നു പ്രവർത്തിപ്പിക്കുകയും രണ്ടാം ഘട്ടമായി പുതുപുത്തൻ സാങ്കേതിക വിദ്യയുള്ളതും ലോകോത്തര നിലവാരമുള്ളതുമായ 10638 സ്പിന്റിലുകൾ സ്ഥാപിച്ച് 2009 നവംബർ 14-ന് പ്രവർത്തനമാരംഭിക്കുകയും മൂന്നാം ഘട്ടമായി 5750 സ്പിന്റിലായി ഉയർത്തി 2010 ആഗസ്റ്റ് 14-ന് ഉദ്ഘാടനം

നടത്താൻ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നാലാം ഘട്ടമായി 9216 സ്പിന്റിലുകളും അതിന്റെ അനുബന്ധ യന്ത്ര സാമഗ്രികളുമടങ്ങിയ വികസന ത്തിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനായി ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടെ മില്ലിന്റെ മൊത്തം കപ്പാസിറ്റി 25344 സ്പിന്റിലാകുകയും സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഈ മിൽ കേരളത്തിലെ ഏറ്റവും നല്ല മില്ലായി മാറുന്നതുമാണ്. ഈ പദ്ധതി 2010 ഡിസംബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. വർഷ ങ്ങളായി പൂട്ടിക്കിടക്കുന്ന കോമളപുരത്തുള്ള കേരള സ്പിന്നേഴ്സ് ഒരു ഓർഡിനൻസ് മുഖേന ഏറ്റെടുത്ത് ടെക്സ്റ്റൈൽ കോർപ്പറേഷനെ ഏൽപ്പി ക്കുകയും പുനരുദ്ധാരണത്തിനായി 36 കോടി രൂപയുടെ പദ്ധതിക്ക് ഭരണാ നുമതി നൽകുകയും ചെയ്തിട്ടുണ്ടെന്നും 19 സ്പിന്നിംഗ് ഫ്രെയിമുകളിൽ 18240 സ്പിന്റിലുകളുള്ള അതിനൂതന ടെക്സ്റ്റൈൽ മില്ലിനെക്കൂടാതെ ഈ യൂണിറ്റിൽ 30 എയർജറ്റ്ലൂമുകളും സ്ഥാപിക്കുന്നതാണെന്നും 95 ശതമാനം ഉൽപ്പാദനക്ഷമത പ്രതീക്ഷിക്കുന്ന ഈ യൂണിറ്റിൽ 36 കോടി രൂപയുടെ വിറ്റു വരവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ഇതിന്റെ ശിലാസ്ഥാപനം 2010 ജൂൺ 15-ന് നിർവ്വഹിച്ചുവെന്നും ഈ പദ്ധതിയുടെ മെഷിനറി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും സിവിൽ വർക്കുകൾ ധൃതഗതിയിൽ നടന്നുവരുന്നുണ്ടെന്നും 2010 ഡിസംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാവു മെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു. ടെക്സ്റ്റൈൽ മില്ലു കളുടെ നവീകരണത്തിന് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരി കയാണ്. 3.35 കോടി രൂപ മുതൽമുടക്കി കോട്ടയം ടെക്സ്റ്റൈൽസിന്റെ

പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കിവരികയാണെന്നും 20 കോടി രൂപ മുതൽമുടക്കി തൃശ്ശൂരിലെ സീതാറാം ടെക്സ്റ്റൈൽ മിൽ നവീകരിക്കുന്ന തിനുള്ള പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും കണ്ണൂർ, ആലപ്പുഴ ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും കൈത്തറിക്കാവശ്യമായ കഴി നൂൽ ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

82 (*664) <u>ചെക്ക്ഡാമുകൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം തടഞ്ഞുനിറുത്തി ഭൂഗർഭ ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനും സമീപ പ്രദേശത്തെ ജലനിരപ്പ് ഉയർത്തി കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും നബാർഡ് ധനസഹായത്തോടെയും മലബാർ ഇറിഗേഷൻ പാക്കേജിലും ഇടുക്കി പാക്കേജിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തിയും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇറിഗേഷൻ വകുപ്പിന്റെ 4 ചെക്ക് ഡാമുകളുടെയും കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ചെക്ക് ഡാമുകളുടെയും നിർമ്മാണം പൂർത്തിയാ യിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ വർഷം സംസ്ഥാനത്തൊട്ടാകെ 23 ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കു ന്നുവെന്നും ഭാരതപ്പുഴയിലും അതിന്റെ പോഷക നദികളിലുമായി ഇറിഗേഷൻ വകുപ്പ് 46 ചെക്ക് ഡാമുകളും കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 7

ചെക്ക് ഡാമുകളും നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്നും ഭാരതപ്പുഴയിൽ 18 കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാതാളം റഗുലേറ്റർ കം-ബ്രിഡ്ജ് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും മലബാർ പാക്കേജിലുൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണകളുടെ ടെൻഡർ നടപടിയായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ചെറുതുരുത്തി തടയണയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആര്യൻകോട് പുഴയിൽ ചെക്ക് ഡാം നിർമ്മാണം സജീവ പരിഗണനയിലാണെന്നും ചിറ്റൂർ പുഴയിൽ രണ്ട് ചെക്ക് ഡാമുകൾ കൂടി നിർമ്മിക്കണമെന്ന ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മണിമലയാറിൽ 4 ചെക്ക് ഡാമുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടമ്പ്രയാറിൽ തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ചെക്ക് ഡാമുകളോട് അനുബന്ധിച്ച് സൈഡ് ബാങ്ക് ഇല്ലാത്തിടത്ത് പ്രത്യേക ഫണ്ട് ഉപയോഗിച്ച് അവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന 2 ചെക്ക്ഡാമുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും താല്ക്കാലിക തടയണകൾ സ്ഥിരം തടയണകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അപ്രൂവൽ കിട്ടുന്ന പ്രോജക്ടുകൾ ടെൻഡർ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിന് ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച്

കൃഷി വകുപ്പുമായി ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 6148 മുതൽ 6360 വരെയുള്ള ചോദ്യങ്ങളിൽ 94 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)